# ഇന്ത്യൻ ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഫോറം ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും

**കൊച്ചി:** ഇന്ത്യൻ ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഫോറം നവംബർ 21 മുതൽ 24 വരെ ലെ മെറിഡിയൻ കൺവെൻഷൻ സെൻററിൽ നടക്കും. 21-ന് ഉപരാഷ്ട്രപതി വെങ്കയ്യ നായിഡു ഉദ്ഘാടനം ചെയ്യും. എഴുനൂറോളം ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കും. പത്ത് സെഷനുകളിലായി മത്സ്യകൃഷി, മൂല്യവർധിത മത്സ്യോത്പന്നങ്ങൾ, ചിരസ്ഥായിയായ വിഭവ സംരക്ഷണം, ഉത്തരവാദിത്വ മത്സ്യബന്ധനം, പരിസ്ഥിതി, ജൈവ വൈവിധ്യം, വിപണനം, നയ രൂപവത്കരണം, മാനേജ്മെൻറ് തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യപ്പെടും. ഇതോടൊപ്പം എഴുപതോളം സ്ഥാപനങ്ങളും അന്താരാഷ്ട്ര ബ്രാൻഡുകളും തങ്ങളുടെ സാങ്കേതിക വിദ്യകളും ഉത്പന്നങ്ങളും പ്രദർശിപ്പിക്കുന്നതാണ്.